പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1234

03.12.2018-ൽ മറുപടിക്ക്

**പേരണ്ടൂർ-വട്ടതല പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016 മാർച്ച് മാസത്തിൽ 29.50 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ള പേരണ്ടൂർ-വട്ടതല പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) സാങ്കേതികാനുമതി ലഭിക്കുന്നതിനുവേണ്ടി ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി). ഇത് സംബന്ധിച്ച സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) പൂർത്തീകരിച്ചിട്ടില്ല. |
| (സി). എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്; അറിയിക്കുമോ; | (സി) ചേരാനല്ലൂർ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും ഒരേക്കർ 23 സെന്റും, ഇടപ്പള്ളി സൗത്ത് വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 56 സെന്റും ഉൾപ്പെടെ മൊത്തം ഒരേക്കർ 79 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (ഡി). സ്ഥലം ഏറ്റെടുക്കുന്നതിനായി കെട്ടിവെക്കേണ്ട മുപ്പതു ശതമാനം തുക കെട്ടിവെച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കെട്ടിവെക്കുന്നതിൽ നേരിടുന്ന കാലതാമസം വ്യക്തമാക്കാമോ; | (ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി മുപ്പതു ശതമാനം തുക മുൻകൂറായി കെട്ടിവെയ്ക്കാറില്ല. |
| (ഇ). അംഗീകാരം ലഭിച്ച അലൈൻമെന്റിന്റെയും ഡിസൈനിന്റെയും പകർപ്പ് ലഭ്യമാക്കാമോ? | (ഇ). പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

S. Bindu

സെക്ഷൻ ഓഫീസർ